31/12/15

7/1/16

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-എൻഡോസൾഫാൻ പാക്കേജ് - നബാർഡ് - ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി- ടെണ്ടർ എക്സസ് അംഗീകാരം നൽകുന്നതിന് ഗവ ടെണ്ടർ കമ്മിറ്റി രൂപീകരണം - ജില്ലാകളക്ടറുടെ അധികാര പരിധി വർദ്ധിപ്പിക്കൽ - ഉത്തരവിൽ ഭേദഗതി - പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (നോഡൽ സെന്റർ-എ) വകുപ്പ്**

സ.ഉ(കൈയെഴുത്ത്) നം.581/2015/ധന    തീയതി, തിരുവനന്തപുരം, 21/12/2015

പരാമർശം: 1. 09.05.2013 ലെ സ.ഉ(അച്ചടി) നം.214/13/ധന ഉത്തരവ്.
2. 04.10.2013 ലെ സ.ഉ.(കൈയെഴുത്ത്) നം.503/2013/ധന ഉത്തരവ്.
3. 24.08.2015 ലെ സ.ഉ.(അച്ചടി) നം.375/15/ധന ഉത്തരവ്.
4. 17.04.2013 ലെ സ.ഉ(അച്ചടി) നം.36/2013/പൊ.മ.വ. ഉത്തരവ്.

**ഉത്തരവ്**

നബാർഡ് - ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ കീഴിൽ കാസറഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന എൻഡോസൾഫാൻ പാക്കേജിലുൾപ്പെട്ട പദ്ധതികളുടെ ടെണ്ടർ എക്സസ് പരിഗണിക്കുന്നതിനായി പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി രൂപീകരിക്കുകയും കാസറഗോഡ് ജില്ലാ കളക്ടർക്ക് എൻഡോസൾഫാൻ പാക്കേജിലെ പദ്ധതികളുടെ ടെണ്ടർ എക്സസ് പരിഗണിക്കുന്നതിനായി പരാമർശം (1)-ൽ ചീഫ് എൻജിനീയർക്ക് അനുവദിച്ചതിനു തുല്യമായ അധികാരപരിധി നിശ്ചയിക്കുകയും ചെയ്തിരുന്നു.

സംസ്ഥാന സർക്കാർ വകുപ്പുകളിൽ പരാമർശം (4) പ്രകാരം 01.10.2013 മുതൽ നാഷണൽ ബിൽഡിംഗ് കോഡ് നിലവിൽ വന്നതിന്റെ വെളിച്ചത്തിൽ ടെണ്ടർ എക്സസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽവന്ന പരാമർശം (1) ലെ സർക്കാർ ഉത്തരവ് ചില നിബന്ധനകൾക്ക് വിധേയമായി പരാമർശം (3) പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവായി.

എൻഡോസൾഫാൻ പാക്കേജിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും വാട്ടർ അതോറിറ്റി മുഖേന ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു. വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ അധിക ടെണ്ടർ തുക സംബന്ധിച്ച തീരുമാനം തദ്ദേശ സ്വയംഭരണ വകുപ്പിൽ രൂപീകരിക്കപ്പെട്ട ടെണ്ടർ കമ്മിറ്റിയിൽ തീർപ്പുകൽപ്പിക്കുന്നത് ഉചിതമായിരിക്കുകയില്ലെന്ന് പ്രസ്തുത ഭരണ വകുപ്പുകൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) ലെ സർക്കാർ ഉത്തരവിൽ താഴെപറയുന്ന ഭേദഗതികൾ ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) നബാർഡ് സഹായത്തോടെയുള്ള എൻഡോസൾഫാൻ പാക്കേജിലെ ശുദ്ധജലവിതരണ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നവയാകയാൽ ജലവിഭവ വകുപ്പിന്റെ പദ്ധതികളുടെ ടെണ്ടർ എക്സസ് ജലവിഭവ വകുപ്പിലെ ടെണ്ടർ കമ്മിറ്റിയിൽ പരിഗണിക്കാവുന്നതാണ്.

2)ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഒഴികെ നബാർഡ് സഹായത്തോടെ എൻഡോസൾഫാൻ പാക്കേജിലുൾപ്പെട്ട പദ്ധതികളുടെ ടെണ്ടർ എക്സസ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഗവ. ടെണ്ടർ കമ്മിറ്റിയിൽ പരിഗണിക്കാവുന്നതാണ്.

3)കാസറഗോഡ് ജില്ലാകളക്ടർക്ക് എൻഡോസൾഫാൻ പാക്കേജിലെ ടെണ്ടർ എക്സസ് പരിഗണിക്കുന്നതിനുള്ള അധികാര പരിധി പരാമർശം - (3) ലെ സർക്കാർ ഉത്തരവിൽ ടെണ്ടർ എക്സസ് പരിഗണിക്കുന്നതിന് ചീഫ് എൻജിനീയർക്ക് നൽകിയിട്ടുള്ള അധികാര പരിധിക്കു തുല്യമായി പുതുക്കി അംഗീകരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.വി.കല**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി( തദ്ദേശ സ്വയംഭരണ വകുപ്പ്)
സെക്രട്ടറി,തദ്ദേശ സ്വയംഭരണ (ഡി.ഡി. )വകുപ്പ്.
സെക്രട്ടറി, ജലവിഭവ വകുപ്പ്.
സെക്രട്ടറി, കൃഷി വകുപ്പ്.
സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
സെക്രട്ടറി.,സാമൂഹിക നീതി വകുപ്പ്
സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, ഹോമിയോ ഡിപ്പാർട്ട്മെന്റ്
ഡയറക്ടർ, ഹെൽത്ത് സർവീസ് ഡിപ്പാർട്ട്മെന്റ്
ഡയറക്ടർ, സാമൂഹിക നീതി വകുപ്പ്.
ഡയറക്ടർ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ്, തിരുവന്തപുരം.
ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം:
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
✓ ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്(എൻജിനീയറിംഗ് വിഭാഗം),
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസറഗോഡ്.
നോഡൽ ഓഫീസർ,www.finance.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**